(ജി) രാജാക്കാട്-പൊൻമുടി റോഡിന്റെ കുളത്തറ വഴിയുള്ള ഭാഗത്തിന് ഫ്രീ സറണ്ടർ ലഭിച്ചു. തൂക്കുപാലം വഴിയുള്ള ഭാഗത്തിന് കെ.എസ്. ഇ.ബി.യിൽ നിന്നും സ്ഥലം വിട്ടുകിട്ടിയിട്ടുണ്ട്.

134 (1352) വരാപ്പുഴ പാലം

ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ പാത 17-ലെ വരാപ്പുഴ പാലത്തിന്റെ നിർമ്മാണം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പാലം എന്നത്തേയ്ക്ക് പൂർത്തിയാക്കി ഗതാഗതത്തിന് തുറന്നുകൊടുക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വരാപ്പുഴ പാലത്തിന്റെ നിർമ്മാണം 70% പൂർത്തിയായി.

(ബി) ഈ പാലം രണ്ടായിരാമാണ്ടിൽ പൂർത്തിയാക്കി ഗതാഗതത്തിന് തുറന്നു കൊടുക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

135 (1353) നെടുങ്ങാട്-നായരംബലം പാലം

ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പണിപൂർത്തിയാക്കുന്നതിനുള്ള 40 ശതമാനം ചെലവ് നായരംബലം പഞ്ചായത്തും 60 ശതമാനം ചെലവ് സർക്കാർ വിഹിതമായി അംഗീകരിച്ച് പണി നടന്നുകൊണ്ടിരിക്കുന്ന പി.ഡബ്ല്യു.ഡി. എറണാകുളം ഡിവിഷന്റെ കീഴിലുള്ള നെടുങ്ങാട്-നായരംബലം പാലത്തിന്റെ പഞ്ചായത്ത് വിഹിതം അടച്ചിട്ടും ആനുപാതികമായ സർക്കാർ വിഹിതം നൽകാത്തത് എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ;

(ബി) പാർട്ട് ബിൽ പാസ്സാക്കി നൽകുന്നതിനും പണി തുടർന്ന് നടത്തികൊണ്ടു പോകുന്നതിനും ആവശ്യമായ മെറ്റീരിയൽസ് വാങ്ങുന്നതിനും ആനുപാതികമായ തുക നൽകുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) പ്രസ്തുത പാലത്തിന്റെ പണി പൂർത്തിയാക്കുന്നതിനാവശ്യമായ 40% തുക മുഴുവനായി പഞ്ചായത്ത് നൽകിയിട്ടില്ല. ലഭിച്ച തുകയുടെ ബിൽ തുക കരാറുകാരന് നൽകിയിട്ടുമുണ്ട്. എന്നാൽ ഈ പാലം വില്ലേജ് റോഡ് വിഭാഗത്തിലായതിനാൽ ഈ പണിക്കാവശ്യമായ 60% തുക ബഡ്ജറ്റിൽ ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ പണി സുഗമമായി നടത്തിക്കൊണ്ടു പോകുവാൻ കഴിയുകയുള്ളൂ.

136 (1354) "മാല്യങ്കര-മുനമ്പം പാലം പണി"

ഡോ. എം. എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly